"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് – പതിമൂന്നാം പഞ്ചവൽസര പദ്ധതി - 2020-21 വാർഷിക പദ്ധതി നിർവ്വഹണം ത്വരിതപ്പെടുത്തുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ - അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.63/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 10/01/2021

---

പരാമർശം:- 27.07.2020-ലെ സ.ഉ (സാധാ) നം. 1401/2020/തസ്വഭവ.

<u>ഉത്തരവ്</u>

തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ പുതിയ ഭരണസമിതികൾ അധികാരമേറ്റെടുത്തിരിക്കുകയാണ്. 2021 മാർച്ച് മാസം ആദ്യം നിയമസഭയിലേയ്ക്കുള്ള പൊതുതെരഞ്ഞെടുപ്പ് പ്രഖ്യാപിക്കാൻ സാധ്യതയുണ്ട്. അങ്ങനെയെങ്കിൽ നടപ്പ് വർഷത്തെ പദ്ധതി നിർവഹണത്തിന് ഫലത്തിൽ രണ്ട് മാസം മാത്രമാണ് ഇനി ലഭിക്കുക. പുതിയ ഭരണസമിതികൾ പദ്ധതി നിർവഹണം വേഗത്തിലാക്കുന്നതിനും ചുരുങ്ങിയ സമയത്തിനുള്ളിൽ പരമാവധി പ്രോജക്ടുകൾ പൂർത്തിയാക്കുന്നതിനും ശ്രദ്ധിക്കേണ്ടതുണ്ട്. ഈ സാഹചര്യത്തിൽ 2020-21 വാർഷിക പദ്ധതി നിർവഹണം ത്വരിതപ്പെടുത്തുന്നതിന് സർക്കാർ ചുവടെ വിവരിക്കുന്ന മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

2. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ അടുത്ത വർഷത്തെ (2021-22) വികസന പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള ഉത്തരവാദിത്തം പുതിയ ഭരണസമിതികൾ അധികം താമസിയാതെ ഏറ്റെടുക്കേണ്ടതുണ്ട്. അതിനുള്ള മാർഗനിർദ്ദേശങ്ങൾ സർക്കാർ ഉടൻതന്നെ പുറപ്പെടുവിക്കുന്നതാണ്. എന്നാൽ പുതിയ ഭരണസമിതികളെ സംബന്ധിച്ചിടത്തോളം ഏറ്റവും അടിയന്തിരമായി ചെയ്യേണ്ട കാര്യം ഈ വർഷത്തെ ബജറ്റിലെയും വാർഷിക പദ്ധതിയിലെയും പ്രവർത്തനങ്ങൾ പൂർത്തിയാക്കുക എന്നതാണ്. അതിൽ ഏറ്റവും പ്രധാനമായി ശ്രദ്ധിക്കേണ്ട കാര്യം സർക്കാർ എന്നത് തുടർച്ചയുള്ള ഒന്നാണ് എന്നതാണ്. മുൻ ഭരണസമിതി തയ്യാറാക്കുകയും ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം ലഭിക്കുകയും ചെയ്ത നടപ്പ് വാർഷിക പദ്ധതിയിലെ പ്രോജക്ടുകളുടെ നിർവഹണം തുടരാനുള്ള ഉത്തരവാദിത്തം തെരഞ്ഞെടുക്കപ്പെട്ട പുതിയ ഭരണസമിതികൾക്കുണ്ട്. ആ ഉത്തരവാദിത്തം പുതിയ ഭരണ സമിതികൾ ഭംഗിയായി നിറവേറ്റണം. അടുത്ത വർഷത്തെ പദ്ധതി തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ ജനുവരി ആദ്യവാരം ആരംഭിക്കും. പുതിയ ആശയങ്ങളും പുതിയ പ്രോജക്ടുകളും അതിലേയ്ക്ക് കൊണ്ടു വരുന്നതിനാണ് പുതിയ ഭരണസമിതികളും ജനപ്രതിനിധികളും ശ്രമിക്കേണ്ടത്.

3. എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും ജനുവരി മൂന്നാം വാരത്തിൽ തന്നെ നിർവ്വഹണ ഉദ്യോഗസ്ഥരുടെ അവലോകനയോഗം വിളിച്ച് ചേർത്ത് നടപ്പ് വാർഷിക പദ്ധതിയുടെ നിർവ്വഹണ പുരോഗതി വിലയിരുത്തുകയും ലഭ്യമായ സമയത്തിനുള്ളിൽ നിർവഹണം പൂർത്തിയാക്കുന്നതിനുള്ള കർമ്മ പരിപാടി ആവിഷ്കരിക്കുകയും ചെയ്യേണ്ടതാണ്. ഇനിയുള്ള രണ്ട് മാസം കൃത്യമായ ഇടവേളകളിൽ

അവലോകന യോഗങ്ങൾ ചേർന്ന് പദ്ധതി നിർവഹണം വേഗത്തിലാക്കണം.

4. നടപ്പ് വാർഷിക പദ്ധതിയിൽ (2020-21) പൊതുവെ മാറ്റങ്ങൾ അനുവദനീയമല്ല. എങ്കിലും വളരെ ഒഴിവാക്കാനാവാത്തതും അടിയന്തിര പ്രാധാന്യമുള്ളതുമായ ചുവടെ പ്രതിപാദിക്കുന്ന മാറ്റങ്ങൾ ആകാവുന്നതാണ്-

1. ടേക്ക്-എ-ബ്രേക്ക് വിശ്രമ കേന്ദ്രങ്ങളും പൊതു ശുചിമുറികളും നിർമ്മിക്കുന്നതിനുള്ള പ്രോജക്ടുകൾ പുതുതായി ഏറ്റെടുക്കുകയോ നിലവിലുള്ള പ്രോജക്ടുകളുടെ വിഹിതം വർദ്ധിപ്പിക്കുകയോ ചെയ്യുക.
2. കോവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ടുള്ള പ്രോജക്ടുകൾ ഏറ്റെടുക്കുക, നിലവിലുള്ള പ്രോജക്ടിന്റെ വിഹിതം വർദ്ധിപ്പിക്കുക.
3. ലൈഫ് മിഷൻ പ്രോജക്ടിന് കൂടുതൽ തുക ആവശ്യമാണെങ്കിൽ വിഹിതം വർദ്ധിപ്പിക്കുക
4. ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ നൽകിയ വിഹിതം കൂട്ടിച്ചേർത്ത് ഗ്രാമപഞ്ചായത്തുകളുടെ ലൈഫ് മിഷൻ പ്രോജക്ടുകൾ പരിഷ്കരിക്കുക.
5. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള എസ്.സി.എസ്.പി/റ്റി.എസ്.പി യിലെ പൊതു പ്രോജക്ടുകൾക്ക് ഫീസിബിലിറ്റി സർട്ടിഫിക്കറ്റും സോഷ്യൽ മാപ്പും ലഭിക്കാതെ വന്നാൽ (ബന്ധപ്പെട്ട പട്ടികജാതി വികസന ഓഫീസർ/ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ ഫീസിബിൾ അല്ലായെന്ന് സാക്ഷ്യപ്പെടുത്തണം) ഇത്തരം പ്രോജക്ടുകൾ ഒഴിവാക്കി പുതിയ പ്രോജക്ട് ഏറ്റെടുക്കുക
6. ഏതെങ്കിലും കേന്ദ്ര/സംസ്ഥാന പദ്ധതിയ്ക്ക് വിഹിതം ലഭിച്ചിട്ടുണ്ടെങ്കിൽ തദ്ദേശ ഭരണ സ്ഥാപന വിഹിതം കൂടി വകയിരുത്തി പുതുതായി പ്രോജക്ട് ഏറ്റെടുക്കുക.
7. വാർഷിക പദ്ധതിയിലെ ഏതെങ്കിലും പ്രോജക്ടിന് വെറ്റിംഗ് ഓഫീസർ അനുമതി നിരസിക്കുകയോ സാങ്കേതികാനുമതി ലഭിക്കാതിരിക്കുകയോ ചെയ്യുന്ന സാഹചര്യങ്ങളിൽ പകരം പ്രോജക്ടുകൾ ഏറ്റെടുക്കുകയോ നിലവിലുള്ള പ്രോജക്ടുകളുടെ വിഹിതം വർദ്ധിപ്പി ക്കുകയോ ചെയ്യുക.
8. ജില്ലാ ആസൂത്രണസമിതി നിരസിച്ചതും മാർഗ്ഗരേഖ/സബ്സിഡി നിരക്ക് പാലിക്കാതെയുമുള്ള പ്രോജക്ടുകൾ ഒഴിവാക്കുക.
9. വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഏതെങ്കിലും പ്രോജക്ടുകൾക്ക് MPLAD, MLASDF, കേന്ദ്രാവിഷ്കൃത പദ്ധതി തുടങ്ങിയതടക്കം മറ്റേതെങ്കിലും പദ്ധതിയിൽ ഭരണാനുമതിയും ഫണ്ടും ലഭിച്ചിട്ടുണ്ടെങ്കിൽ അവ ഒഴിവാക്കി ഇതിൽ നിന്നും ലഭിക്കുന്ന തുക ഉപയോഗിച്ച് മറ്റു പ്രോജക്ടുകൾ ഏറ്റെടുക്കുക
10. ടെണ്ടർ നടപടി പൂർത്തിയായ പ്രോജക്ടുകളിൽ ടെണ്ടർ സേവിംഗ്സ് ഉണ്ടെങ്കിൽ അതുപയോഗിച്ച് പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കുക - ഇതനുസരിച്ച് ടെണ്ടർ സേവിംഗ്സ് ലഭ്യമായ പ്രോജക്ടുകളും ഭേദഗതി ചെയ്യാവുന്നതാണ്.

5. വാർഷിക പദ്ധതി ഭേദഗതിയുടെ ഭാഗമായി പുതുതായി ഏറ്റെടുക്കാൻ നിർബന്ധിതമാകുന്ന പ്രോജക്ടുകൾക്ക് വിഹിതം കണ്ടെത്തുന്നതിനും നിലവിലുള്ള പ്രോജക്ടുകളുടെ വിഹിതം വർദ്ധിപ്പിക്കുന്നതിനും, ഖണ്ഡിക 4.7 മുതൽ 4.10 വരെ പ്രതിപാദിക്കുന്ന കാരണങ്ങളാൽ ലഭ്യമാകുന്ന വിഹിതം ഉപയോഗിക്കേണ്ടതാണ്. അതിന് കഴിയുന്നില്ലെങ്കിൽ മാത്രമേ മറ്റ് പ്രോജക്ടുകൾ ഭേദഗതി ചെയ്ത് വിഹിതം കണ്ടെത്താൻ പാടുള്ളൂ.

6. ഈ ഉത്തരവ് പ്രകാരമുള്ള ഭേദഗതികൾ പൂർത്തിയാക്കി 2021 ജനുവരി 25-നകം ജില്ലാ

ആസൂത്രണ സമിതിക്ക് സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ശാരദ മുരളീധരൻ ഐ എ എസ്**
**അഡീഷണൽ ചീഫ് സെക്രട്ടറി**

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ നഗരസഭാ ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. പഞ്ചായത്ത് ഡയറക്ടർ
7. നഗരകാര്യ ഡയറക്ടർ
8. ഗ്രാമവികസന കമ്മീഷണർ
9. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
10. എല്ലാ ജില്ലാ ആസൂത്രണസമിതി അദ്ധ്യക്ഷന്മാർക്കും
11. എല്ലാ ജില്ലാ കളക്ടർമാർക്കും
12. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
13. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
14. എല്ലാ നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാർക്കും
15. എല്ലാ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർമാർക്കും
16. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
17. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
18. ഡയറക്ടർ ജനറൽ, കില
19. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
20. വിവര പൊതുജനസമ്പർക്ക(വെബ് & ന്യൂ മീഡിയ) വകുപ്പ്
21. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
22. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്

1. ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശസ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
3. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്